നഗരത്തിലെ പ്രധാനപ്പെട്ട ബസ്സ് സ്റ്റോപ്പുകളിൽ ബസ് ഷെൽട്ടറുകൾ സ്ഥാപിക്കാൻ നടപടി

132 (5352) ശ്രീ.ജോർജ് മേഴ്സിയർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരപരിധിയിൽ ഇരുന്നൂറോളം ബസ് ഷെൽട്ടറുകൾ പണിയാനുള്ള പ്രോജക്ട് പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) എങ്കിൽ, അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്ത് ;

(സി) തിരുവനന്തപുരം നഗരത്തിലെ പ്രധാനപ്പെട്ട ബസ് സ്റ്റോപ്പുകളിൽ ഒന്നിൽപ്പോലും കയറി നിൽക്കാൻ ഷെൽട്ടറുകൾ ഇല്ലാത്തതിനാൽ യാത്രക്കാർ ബുദ്ധിമുട്ടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നഗരത്തിലെ പ്രധാനപ്പെട്ട ബസ്സ് സ്റ്റോപ്പുകളിലെങ്കിലും ഷെൽട്ടർ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ബസ് അപകടങ്ങൾ

133(5353) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്റ്റേജ് കാര്യേജുകളുടെ ആകെ എണ്ണം എത്രയാണ് ;

(ബി) ഇതിൽ കെ.എസ്.ആർ ടി. സി. ക്കും സ്വകാര്യ മേഖലയ്ക്കും എത്ര ബസുകൾ വീതമുണ്ട് ; ഇവയിൽ സർവ്വീസ് യോഗ്യമായ ബസ്സുകൾ എത്ര വീതമുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly